**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2724** **12.03.2018 ൽ മറുപടിയ്ക്ക്**

**<u>മൂന്നാറിലെ പരിസ്ഥിതി അവലോകന റിപ്പോർട്ട്</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. റോജി എം. ജോൺ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

| | | |
|---|---|---|
| (എ) | മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി ലാന്റ് റവന്യൂ കമ്മീഷണർ അവലോകന റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (എ) യും (ബി)യും പരിസ്ഥിതി സംബന്ധിച്ച സമിതി (2016-19)ന്റെ നിർദ്ദേശ പ്രകാരം മൂന്നാറിലെ പാരിസ്ഥിതിക പ്രശ്നങ്ങളും, ഭൂമി സംബന്ധമായ പ്രശ്നങ്ങളും സംബന്ധിച്ച് മൂന്നാർ സന്ദർശിച്ച് ലാന്റ് റവന്യൂ കമ്മീഷണർ തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രസ്തുത സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും, ടി റിപ്പോർട്ട് പരിശോധിച്ച് സമിതി സർക്കാരിന് ശുപാർശകൾ നല്കിയിട്ടുള്ളതും, ടി റിപ്പോർട്ടിലെ 8-ഉം 9-ഉം ശുപാർശകളിൽ റവന്യൂ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുന്നതും മറ്റ് ശുപാർശകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കൃഷി വകുപ്പ്, വനം വന്യജീവി വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | |
| (സി) | കൊട്ടക്കമ്പൂർ വില്ലേജിലെ ഭൂരേഖകളും, വ്യാജപട്ടയങ്ങളും പരിശോധിക്കുവാനുള്ള വകുപ്പിന്റെ ശ്രമം ഫലപ്രദമായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58 ൽ ഉൾപ്പെട്ടു വരുന്ന ഭൂമിയുടെ രേഖകൾ ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | കെ.ഡി.എച്ച്, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിൽ വ്യാപകമായ കയ്യേറ്റം ഉണ്ടായതായി കണ്ടെത്തിയിട്ടും അതിനെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പിന് കഴിയാത്തത് എന്തുകൊണ്ടാണ് ; | (ഡി) കയ്യേറ്റത്തിനെതിരെ സത്വര നടപടികളാണ് സ്വീകരിച്ചു വരുന്നത്. കെ.ഡി.എച്ച്, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിലെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും, ഒഴിപ്പിക്കുന്നതിനും 31.05.2010-ലെ സ.ഉ.(കൈ) 201/2010/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറെയും, സ്പെഷ്യൽ റവന്യൂ ഓഫീസറെയും നിയമിക്കുകയും ടി പ്രദേശത്തെ അനധികൃത കയ്യേറ്റം കണ്ടെത്തി ഒഴിപ്പിച്ചുവരുന്നതുമാണ്. കൂടാതെ ടി പ്രദേശത്തെ അനധികൃത കയ്യേറ്റം കണ്ടെത്തുന്നതിനും, ഒഴിപ്പിക്കുന്നതിനും ഭൂസംരക്ഷണ സേനയുടെയും പോലീസിന്റെയും സേവനം ഉപയോഗപ്പെടുത്തി വരുന്നതുമാണ്. |
| (ഇ) | മൂന്നാർ വികസന അതോറിറ്റി രൂപീകരണം സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ? | (ഇ) മൂന്നാർ വികസന അതോറിറ്റി രൂപീകരിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശയിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിനായി പരിസ്ഥിതി വകുപ്പിനും, തദ്ദേശ സ്വയംഭരണ വകുപ്പിനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ